## കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി

## സ്വതന്ത്ര കാലാവസ്ഥാ നിരീക്ഷകരുടെ സമ്മേളനം - റിപ്പോർട്

**ദിവസം: 25 മെയ് 2023**
**സ്ഥലം: സംസ്ഥാന ദുരന്ത നിവാരണ ആതോറിറ്റി**

കേരളത്തെ ഒരു വൈജ്ഞാനിക സമൂഹമാക്കി മാറ്റുക എന്ന സംസ്ഥാന സർക്കാരിൻറെ പ്രഖ്യാപിത നയത്തിൻറെ ഭാഗമായി വിവിധ സർക്കാർ വകുപ്പുകളും ജനകീയ പ്രസ്ഥാനങ്ങളും സംയുക്തമായി സംഘടിപ്പിക്കുന്ന പഞ്ചദിന പരിപാടിയായ സ്വതന്ത്ര വിജ്ഞാനോത്സവത്തിന്റെ (ഫ്രീഡം ഫെസ്റ്റ്ന്റെ) ഭാഗമായി സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി കേരളത്തിലെ സ്വതന്ത്ര കാലാവസ്ഥ നിരീക്ഷകരുടെ ഏകദിന യോഗം സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ ആസ്ഥാനത്തു വച്ച് മെയ് 25 നു സംഘടിപ്പിച്ചു. കേരളത്തിന്റെ വിവിധ ജില്ലകളിൽ നിന്നുള്ള സ്വതന്ത്ര കാലാവസ്ഥ നിരീക്ഷകർ പങ്കെടുത്ത ചർച്ചയിൽ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി മെമ്പർ സെക്രട്ടറി ഡോ . ശേഖർ എൽ കുര്യാക്കോസ് നേതൃത്വം നൽകി.

കേരളത്തിലെ വിവിധ ജില്ലകളിലെ സ്വതന്ത്ര കാലാവസ്ഥാ നിരീക്ഷകർ സജീവമായി പങ്കെടുത്ത പരിപാടിയിൽ , അവരുടെ വിലപ്പെട്ട ഉൾക്കാഴ്ചകളും വൈദഗ്ധ്യവും പങ്കു വെച്ചു. സംസ്ഥാനത്തിന്റെ ദുരന്തലഘൂകരണ പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തുന്നതിന് സ്വതന്ത്ര കാലാവസ്ഥാ നിരീക്ഷകർ തമ്മിലുള്ള സഹകരണം , അറിവ് പങ്കുവയ്ക്കൽ, ഏകോപനം എന്നിവ വർധിപ്പിക്കുക എന്നതായിരുന്നു യോഗത്തിന്റെ ലക്ഷ്യം യോഗം ലക്ഷ്യമിടുന്നത്.

സ്വതന്ത്ര കാലാവസ്ഥ നിരീക്ഷകരായ ശരത് എസ് .കെ , എബി ഇമ്മാനുവേൽ , അഭിജിത് , രഘു റാം , ഡോ .ഗോപകുമാർ ചോലയിൽ , ഡോ. വേണു .ജി നായർ , ഡോ. മധുസൂദനൻ , അഭിലാഷ് ജോസഫ് ,

ജംഷാദ്. കെ , സോവിത് വി. എം ,വിഷ്ണുദാസ് , ഡോ . മാർട്ടിൻ എന്നിവരും സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയിലെ ഹസാഡ് ആൻഡ് റിസ്ക് അനലിസ്റ്റ് പ്രദീപ് ജി എസ് , കാലാവസ്ഥ വിദഗ്ധരായ രാജീവൻ , രമ്യ .ആർ , ഡോ. ഷിനു ഷീല വിൽസൺ , ഫഹദ് മർസൂക് , മൾട്ടി ടാസ്കിങ് ഓഫീസർ അഷ്ന പണിക്കർ എന്നിവർ പങ്കെടുത്തു.

